## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1430** **13.6.2014-ൽ മറുപടിക്ക്**

**സുസ്ഥിര നഗരവികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുരളീധരൻ<br>,, വി.ഡി. സതീശൻ<br>,, ജോസഫ് വാഴക്കൻ<br>,, ഹൈബി ഈഡൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) | |
| എ) | എ.ഡി.ബി സഹായത്തോടെ സുസ്ഥിര നഗരവികസന പദ്ധതിക്ക് രൂപം നൽകി യിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എന്തെല്ലാം കേന്ദ്ര സഹായ ങ്ങളാണ് പ്രസ്തുത പദ്ധതിനടത്തിപ്പിനായി പ്രതീക്ഷിക്കുന്നത് ; | ബി) | എ.ഡി.ബി ധനസഹായത്തോടെ സംസ്ഥാനം നടപ്പാക്കുന്ന ഒരു പദ്ധതിയാണ് ഇതെന്നതിനാൽ ഇതിനായി പ്രത്യേക കേന്ദ്രസഹായം ലഭിക്കുന്നില്ല. |
| സി) | പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | സി) | കേരളത്തിലെ 5 മുനിസിപ്പൽ കോർപ്പറേഷനുക ളിൽ 1422.47 കോടി രൂപ അടങ്കലുള്ള ഒരു സുസ്ഥിര നഗരവികസന പദ്ധതി നടപ്പിലാക്കുന്ന തിന് 221.2 മില്യൻ ഡോളർ വായ്പ അനുവദിക്കു ന്നതിന് 8.12.2006 ൽ എഡിബിയുമായി ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| ഡി) | എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങ ളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടു ള്ളത്; വിശദാംശം ലഭ്യമാക്കുമോ ? | ഡി) | ശുദ്ധജല വിതരണം, സ്വീവറേജ് - സാനിറ്റേഷൻ, സ്റ്റോം വാട്ടർ ഡ്രെയിനേജ്, റോഡുപുനരു ദ്ധാരണം, സാമൂഹ്യ പശ്ചാത്തല വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം തുടങ്ങിയവയാണ് സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗ മായി ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ